8. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി.&എം.) - 1

9. ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ - 1

10. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 6

11. ഓഫീസ് അറ്റൻഡന്റ് - 1

12. പാർട്ട് ടൈം സ്വീപ്പർ - 1

(ബി) ജില്ലാതല വേക്കൻസികളായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനതല പ്രൊമോഷൻ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പാർട്ട്ടൈം സ്വീപ്പറെ നിയമിക്കുന്നത് ജില്ലാ കളക്ടറാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ ഡ്രാഫ്റ്റ്സ്മാൻ എന്നീ ഒഴിവുകളിലേക്കുള്ള നിയമനം നടത്തുന്നത് ഗ്രാമവികസന വകുപ്പല്ല.

ഗ്രാമവികസന വകുപ്പുവഴിയുള്ള റോഡ് നിർമ്മാണം

12 (5359) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പുവഴി എത്ര റോഡുകൾക്ക് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഏതൊക്കെ റോഡുകളാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മാണത്തിനായി ഗ്രാമവികസനവകുപ്പു വഴി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും ഏതൊക്കെയെന്നുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഗ്രാമവികസനവകുപ്പു വഴിയുള്ള റോഡുപുനരുദ്ധാരണ പദ്ധതികൾക്ക് പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ആർ.ഐ.ഡി. എഫ്.-ൽ ഉൾപ്പെടുത്തി ഗ്രാമ വികസന വകുപ്പ് വഴി 87 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഏതൊക്കെ റോഡുകളാണെന്ന വിവരം അനുബന്ധം 1 എ ആയി ചേർത്തിരിക്കുന്നു. പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 415 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡുകളുടെ പേര് വിവരങ്ങൾ അനുബന്ധം 1 ബി ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഗ്രാമവികസന വകുപ്പുവഴി ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളിൽ 17 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 60 റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. വിശദ വിവരം അനുബന്ധം 2 എ ആയി ചേർത്തിരിക്കുന്നു.* പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഭരണാനുമതി നൽകിയ 415 റോഡുകളിൽ 61 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 310 റോഡുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 35 റോഡുകൾക്ക് കരാർ ഉറപ്പിക്കേണ്ടതുണ്ട്. 9 റോഡുകൾ വിവിധ ഏജൻസികൾ ഏറ്റെടുത്തിട്ടുണ്ട്. പൂർത്തിയാക്കാനുള്ള റോഡുകളുടെ പട്ടിക അനുബന്ധം 2 ബി ആയി ചേർത്തിരിക്കുന്നു.*

(സി) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. പി.എം.ജി.എസ്.വൈ. 2 പ്രകാരം 570 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുത്തിട്ടുണ്ട്. പി.എം.ജി.എസ്.വൈ.II പ്രകാരം റോഡുകൾ തിരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ ജില്ലാ തലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) Map in GIS-Platform-ൽ) തയ്യാറാക്കി കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം വാങ്ങേണ്ടതുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

അതിന്റെ മുന്നോടിയായി ജില്ലാ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയെടുത്തിട്ടുണ്ട്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിൽതന്നെ പി.എം.ജി.എസ്.വൈ. 2-ലേക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി യുദ്ധകാല അടിസ്ഥാനത്തിൽ ജില്ലകളിൽ പുരോഗമിക്കുകയാണ്.

പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡം

13 (5360) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് മെറിറ്റ് കം സീനിയോറിറ്റി മാനദണ്ഡമാക്കിയിരുന്ന നയം മാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പകരം സ്വീകരിച്ച നയമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമവികസന വകുപ്പിലെ ഹി.ഇ.ഒ.-മാരിൽ നിന്നും ബി.ഡി.ഒ.-തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് അധിക വിദ്യാഭ്യാസ യോഗ്യതയായ ബിരുദം നിർബന്ധമാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പൊതുനയത്തിനെതിരായ ഈ നടപടി പുനഃപരിശോധിക്കുമോ ; വിശദമാക്കാമോ ;

(ഇ) ഇതുമൂലം 25-ഉം 30-ഉം വർഷങ്ങൾ സർവ്വീസുള്ളവർപോലും ഡിഗ്രി ഇല്ലാത്തതിന്റെ പേരിൽ പ്രൊമോഷൻ ലഭിക്കാതെ പിരിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമവികസന വകുപ്പിൽ നോൺ ഗസറ്റഡ് തസ്തികയിൽനിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത് 16-2-2011-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ (ജി.ഒ.(പി)നമ്പർ.44/2011/എൽ.എസ്.ജി.ഡി.)-ന്റെ അടിസ്ഥാനത്തിലാണ്.

(സി) ഉണ്ട്.

(ഡി) പരിശോധനയിലാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly